# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6412 21.11.2019 ൽ മറുപടിക്ക്**

**മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലം നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ടി.എ. അഹമ്മദ് കബീർ** | **ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; | എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. |
| ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് 2018-19-ൽ കേന്ദ്ര വാർഷിക പദ്ധതിയുടെ ഭാഗമായുള്ള പട്ടികയിൽ അനുമതി ലഭിച്ചിട്ടുണ്ടോ; | ബി) & സി) 2018-19-ൽ കേന്ദ്ര വാർഷിക പദ്ധതിയുടെ ഭാഗമായുള്ള പട്ടികയിൽ മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പാലം നിർമ്മാണം ഉൾപ്പെട്ടിരുന്നു എങ്കിലും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം അനുമതി നൽകിയിരുന്നില്ല. എന്നാൽ 2019-20 ലെ വാർഷിക പദ്ധതിയിലെ പ്രാഥമിക പട്ടികയിൽ പുനരുദ്ധാരണത്തിന് പ്രസ്തുത പാലം ഉൾപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. എത്രയും വേഗം അനുമതിക്കായി കേന്ദ്രമന്ത്രാലയത്തിൽ സമർപ്പിക്കുന്നതാണ്. |
| സി) പ്രസ്തുത പാലം നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോ എന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ